LIBRARY ARCHIVES Kerala Legislative Assembly

ബി.പി.എൽ. കാർഡ് ലഭിക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡം

130 [443] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ.) എത്ര റേഷൻ കാർഡുടമകളാണ് സംസ്ഥാനത്തുള്ളത് എന്ന് അറിയിക്കുമോ;

(ബി) ബി.പി.എൽ. കാർഡുകാരനാകാൻ നിലവിൽ വേണ്ട മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മാനദണ്ഡത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തീരുമാനമെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2041464

(ബി) ബി.പി.എൽ. കാർഡുകാരന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 5-1-06-ൽ സർക്കാർ ഉത്തരവ് (സാധാ) നം. 4/06/ഭസിസഉകവ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.† പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ബി.പി.എൽ./എ.പി.എൽ. കാർഡുടമകൾ

131 [444] ശ്രീ. എം. പി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് നിലവിൽ എത്ര ബി. പി. എൽ. കാർഡ് ഉടമസ്ഥർ ഉണ്ട്;

(ബി) ബി.പി.എൽ. കാർഡുള്ളവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾക്കാണ് അർഹതയുള്ളതെന്ന് അറിയിക്കാമോ;

(സി) എത്ര എ.പി.എൽ. കാർഡ് ഉള്ളവർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2041464.

(ബി) ബി.പി.എൽ. കാർഡുള്ളവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

---

† അനുബന്ധം III

(iii) The students will be asked to take a pledge to eliminate ragging from the campus.

(iv) Leaflets will be distributed to make the students aware of the problem.

3. The Vice-Chancellors of the Universities in the State may take active art in the anti-ragging programmes and each Vice-Chancellor may visit at least one college for a programme related to anti-ragging on 5th December 2005.

By order of the Governor,
B. SREEDEVI,
Deputy Secretary to Government.

അനുബന്ധം III

[8-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 22 [63]-ാം നമ്പർ ചോദ്യത്തിന്റെയും 128 [441], 130 [441] എന്നീ നമ്പർ ചോദ്യങ്ങളുടെയും ഉത്തരം കാണുക]

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് -- റേഷൻ സമ്പ്രദായം -- ബി. പി. എൽ. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ -- ബി. പി. എൽ. മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ (ബി) വകുപ്പ്

സ. ഉ. (സാധാ)നം: 4/06/ഭസിസഉകവ തിരുവനന്തപുരം 2006 ജനുവരി 5

വായിച്ചു: 5-1-2006-ലെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ സി. എസ്. എ.3—26741/05 നമ്പർ കത്ത്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ്

ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നപ്പോൾ റേഷൻ കാർഡുടമകളെ എ. പി. എൽ. (ദാരിദ്രരേഖയ്ക്കു മുകളിലുള്ളവർ) എന്നും ബി.പി.എൽ. (ദാരിദ്രരേഖയ്ക്കു താഴെയുള്ളവർ) എന്നും രണ്ടായി തരംതിരിച്ചിരുന്നു. ഇതനുസരിച്ച്, ഗ്രാമവികസനവകുപ്പ് തയ്യാറക്കിയിരുന്ന ബി. പി. എൽ. പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കാണ് ബി. പി. എൽ. റേഷൻ കാർഡ് നൽകിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം നടത്തിയ റേഷൻ കാർഡ് വിതരണത്തിൽ അപാകതയുണ്ടായിട്ടുണ്ടെന്നും ബി. പി. എൽ. കാർഡിനുപകരം പല പാവപ്പെട്ട കുടുംബങ്ങൾക്കും എ. പി. എൽ. കാർഡാണ് കിട്ടിയതെന്നുമുള്ള വളരെയധികം പരാതികൾ ഉണ്ടായി. ഈ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പല ചർച്ചകൾ നടത്തുകയും ആദ്യപടിയായി അനർഹരായ ബി. പി. എൽ.കാരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ബി. പി. എൽ. വിഭാഗത്തിൽ നിന്നും അനർഹരായവരെ ഒഴിവാക്കുന്നതിനു സിവിൽ സപ്ലൈസ് ഡയറക്ടർ ചില മാർഗ്ഗനിർദ്ദേങ്ങൾ മുകളിൽ വായിച്ച കത്തുപ്രകാരം സർപ്പിച്ചത് സർക്കാർ പരിശോധിച്ചശേഷം താഴെ പറയുന്ന രീതി അവലംബിച്ച് അനർഹരായവരെ ബി. പി. എൽ. വിഭാഗത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുത്തര വാകുന്നു.

1. പ്രതിവർഷ കുടുംബവരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയ്ക്കും നഗര പ്രദേശങ്ങളിൽ 22,000 രൂപയ്ക്കും മുകളിലുള്ളവർ.

2. കൈവശ ഭൂമിയിൽ നിന്നും പ്രതിവർഷം 20,000 രൂപയിൽ കൂടുതൽ ആറ്റാദായമുള്ളവർ.

3. വളർത്തു മൃഗങ്ങളിൽ നിന്നോ കാർഷിക തൊഴിലുകളിൽ നിന്നോ കാർഷികേതര തൊഴിലുളികളിൽ നിന്നോ മറ്റിനങ്ങളിൽ നിന്നോ പ്രതിവർഷം 20,000 രൂപയിൽ കൂടുതൽ വരുമാനമുള്ളവർ.

4. മെച്ചപ്പെട്ട വീടുള്ളവർ(തറവിസ്തീർണ്ണം 600 ചതുരശ്ര അടിയിൽ കൂടുതലുള്ളതും, ഓടിട്ടതോ, കോൺക്രീറ്റ് ചെയ്തതോ ആയ മേൽക്കൂരയോടു കൂടിയതും, ഇഷ്ടികയോ, വെട്ടുകല്ലോ, കരിങ്കല്ലോ കൊണ്ട് നിർമ്മിച്ച ഭിത്തികളോട് കൂടിയതും, മൊസൈക്കോ, ടൈൽസോ, മാർബിളോ, ഗ്രാനൈറ്റോ ഉപയോഗിച്ച് നിർമ്മിച്ച തറയോടു കൂടിയതുമായ വീടുകളെ മെച്ചപ്പെട്ട വീടുകളായി കണക്കാക്കാം. എന്നാൽ ഇക്കൂട്ടത്തിൽ ഐ. എ. വൈ, ആർ. എൽ. ഇ. ജി. പി., ത്രിതല പഞ്ചായത്തുകളുടെ ഭവന നിർമ്മാണ പദ്ധതികൾ, പട്ടികജാതി, പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പരിവർത്തിത ക്രൈസ്തവർ എന്നിവർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ മറ്റു രക്ഷാ പദ്ധതികൾ അനുസരിച്ച് നിർമ്മിച്ച വീടുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതില്ല).

LIBRARY ARCHIVES Kerala Legislative Assembly

5. പതിവായി റേഷൻ വാങ്ങാത്തവർ (നെൽകൃഷി ഉള്ളവരും, ഫുഡ് സപ്ലൈർട്ട് പ്രോഗ്രം, എസ്. സി. ജി. ആർ. വൈ. മുതലായ പദ്ധതികളുപയോഗിച്ച് കൂലി ഭക്ഷ്യധാന്യമായി കൈപ്പറ്റുന്നവരും അരി ഉൾപ്പെടെയുള്ള വിട്ടുസാധനങ്ങൾ പറ്റുപടിയായി വാങ്ങുന്നവരും റേഷൻ വാങ്ങാൻ പോലും പണമില്ലാത്തവരും ഒഴികെ).

6. വാഷിങ്ങ് മെഷീൻ, പ്രഷർ, കുക്കർ, മിക്സർ ഗ്രൈൻഡർ, ഫ്രിഡ്ജ് എന്നിങ്ങനെയുള്ള ഗൃഹോപകരണങ്ങളോ പാചകാവശ്യ ഗ്യാസ് കണക്ഷൻ, ടെലിഫോൺ/സെൽഫോൺ എന്നീ സൗകര്യങ്ങളോ ഉള്ളവർ.

7. സ്കൂട്ടറോ, മോട്ടോർ സൈക്കിളോ ഉള്ളവർ. (ഇവ സ്വയം തൊഴിൽ ചെയ്യുന്നതിന് ഏതെങ്കിലും വായ്പാ പദ്ധതി ഉപയോഗിച്ച് വാങ്ങിയതല്ലെങ്കിൽ)

8. സ്വയം എ. പി. എൽ. വിഭാഗത്തിലേക്ക് മാറാൻ ആഗ്രഹിക്കുന്നവർ - ഇത് സംബന്ധിച്ച വിശദവിവരം ഉണ്ടായിരിക്കണം.

9. മേൽ പറഞ്ഞ വിഭാഗങ്ങളിൽപ്പെടാത്തവരും എന്നാൽ ബി. പി. എൽ. നിരക്കിലുള്ള റേഷന് ഒട്ടുംതന്നെ അർഹരല്ലെന്ന് താലൂക്ക് സപ്ലൈ ആഫീസർക്ക് ഉത്തമബോദ്ധ്യം ഉള്ളവരും, (ഇത് വ്യക്തമാക്കാൻ കഴിയണം.)

മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെടുന്നവരാണെങ്കിലും താഴെപ്പറയുന്ന പ്രകാരമുള്ള കുടുംബങ്ങളെ ബി. പി. എൽ. റേഷൻ വിതരണത്തിൽതന്നെ നിലനിർത്തണം.

1. ദീർഘകാലമായ അസുഖംമൂലം ക്ലേശ ജീവിതം നയിക്കുന്നവരുള്ള കുടുംബങ്ങൾ

2. മദ്യപാനമോ കടബാധ്യതയോമൂലം തകർച്ചയിലായ കുടുംബങ്ങൾ.

3 സാരമായ മാനസിക-ശാരീരിക വൈകല്യം സംഭവിച്ചവരുള്ള കുടുംബങ്ങൾ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഷീല തോമസ്,
സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly